**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**<u>പോലീസ് സേനയുടെ കുറ്റമറ്റ സേവനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2099** **11/06/2018-ൽ മറുപടിക്ക്**

| **<u>ചോദ്യം</u>**<br>**ശ്രീ.പി.കെ. ശശി** | | **<u>മറുപടി</u>**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസ് സേനയിൽ വനിതാജീവനക്കാർ ഉൾപ്പെടെ ആകെ എത്ര ജീവനക്കാരുണ്ട്; ആകെ തസ്തികകളും വനിതാജീവനക്കാരുടെ തസ്തികകളും എത്ര എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന പോലീസ് സേനയിൽ വനിതാ ജീവനക്കാർ ഉൾപ്പെടെ ആകെ ജീവനക്കാരുടെ എണ്ണം 49,708 ആണ്.<br>ആകെ തസ്തികകളുടെ എണ്ണം- 49,708<br>വനിതാ പോലീസുകാരുടെ ആകെ തസ്തിക- 4205 |
| (ബി) | പ്രസ്തുത ജീവനക്കാരിൽ അഴിമതി/കൃത്യനിർവ്വഹണത്തിലെ വീഴ്ച തുടങ്ങി ഏതെല്ലാം കേസ്സുകളിൽ ഉൾപ്പെട്ട എത്ര ജീവനക്കാരുണ്ട് ; തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത ജീവനക്കാരിൽ അഴിമതി/ കൃത്യനിർവ്വഹണത്തിലെ വീഴ്ച തുടങ്ങി കേസ്സുകളിൽ ഉൾപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.<br>DC/DySP/AC — 2<br>CI/RI/API — 3<br>SI/RSI/APSI/SI (G) — 125<br>ASI/RASI/APASI/ASI (G) — 38<br>SCPO/WSCPO/SCPO (G) — 152<br>CPO/WCPO — 313<br>**Total — 633** |
| (സി) | സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥരെ ഏതെല്ലാം കാര്യങ്ങൾക്കാണ് മുൻ സർക്കാരിന്റെ കാലയളവിൽ നിയോഗിച്ചിരുന്നത് എന്നും, ഇവയിൽ എന്തെങ്കിലും മാറ്റം ഈ സർക്കാർ വരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥൻമാരെ കേരള സർക്കാരിന്റേയും സംസ്ഥാന പോലീസ് മേധാവിയുടെയും ഉത്തരവുകൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി ക്രമസമാധാന പരിപാലന ഡ്യൂട്ടികൾക്കും, ഗതാഗത നിയന്ത്രണ ഡ്യൂട്ടികൾക്കും, ബഹു.കോടതികളുടെ നിർദ്ദേശപ്രകാരമുള്ള ഡ്യൂട്ടികൾക്കായും പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും, പൊതു താൽപര്യം സംരക്ഷിക്കുന്നതിനും വേണ്ടി മുൻ സർക്കാരിന്റെ കാലത്ത് പോലീസ് സേനയെ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചതുപോലെ തന്നെ ഈ സർക്കാരിന്റെ കാലത്തും പോലീസ് സേനയെ ഉപയോഗിച്ചു വരുന്നു. |
| (ഡി) | പോലീസ് സേനയുടെ സേവനം കുറ്റമറ്റതും പൊതുജന ജീവിതത്തിന് സുരക്ഷ ഉറപ്പാക്കുന്ന തരത്തിലുള്ളതുമാക്കുന്നതിനായി, ഈ സർക്കാർ ഇതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങളും പ്രവർത്തന പുരോഗതിയും എന്ത് എന്നു വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് പോലീസിന്റെ സേവനം കുറ്റമറ്റതും പൊതുജന ജീവിതത്തിന് സുരക്ഷ ഉറപ്പാക്കുന്ന തരത്തിലുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയെ നവീകരിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പദ്ധതി നടപ്പിലാക്കുകയും, സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയമായി പോലീസ് സ്റ്റേഷനുകളിൽ ചെന്ന് അവരുടെ ആവലാതികൾ ബോധിപ്പിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ് ഡെസ്കുകളും, മുതിർന്ന പൗരന്മാരെയും ഒറ്റയ്ക്ക് താമസിക്കുന്നവരെയും സഹായിക്കുന്നതിനായി സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്കുകളും, പൊതുസ്ഥലങ്ങളിലും യാത്രയ്ക്കിടയിലും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും സഹായം നൽകുന്നതിനും പിങ്ക് പട്രോളിംഗ്, വനിതാ ഹെൽപ് ലൈൻ എന്നിവയും പ്രവർത്തിച്ചു വരുന്നു. കൂടാതെ പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്. ഒ.മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയോഗിക്കുകയും, കുറ്റാന്വേഷണ ചുമതലയും, ക്രമസമാധാന പരിപാലനവും വേർതിരിച്ചതിനാൽ ലഭിക്കുന്ന പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണുന്നതിനും കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ